# Deshabhimani
# 13 August 2018
# Paravoor;Flood, Camps were closed

വും എത്തിച്ചുനൽകി.

## പറവൂർ താലൂക്കിൽ ക്യാമ്പുകൾ പിരിയുന്നു

**പറവൂർ**

അണക്കെട്ടുകൾ തുറന്നുവിട്ട് വെള്ളപ്പൊക്കമുണ്ടായതിനെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടിയവർ ഞായറാഴ്ച വൈകീട്ടോടെ വീട്ടിലേക്ക് മടങ്ങി. ചേന്ദമംഗലം പഞ്ചായത്തിലെ വലിയ പഴമ്പിള്ളിരത്തുരുത്ത്, കരിമ്പാടം സിഡി സഭ സ്കൂൾ, കോട്ടയിൽ കോവിലകം സെന്റ് മേരീസ് കോൺവെന്റ്, വടക്കുംപുറം ഗവ. യുപി സ്കൂൾ എന്നിവിടങ്ങളിലെ ക്യാമ്പിൽ കഴിഞ്ഞവരാണ് വീട്ടിലേക്ക് മടങ്ങിയത്. തുടർന്ന് ക്യാമ്പിന്റെ പ്രവർത്തനം അവസാനിപ്പിച്ചു. താലൂക്കിൽ 11 ക്യാമ്പുകളാണ് ഇനിയുള്ളത്. അവ തിങ്കളാഴ്ചയോടെ പ്രവർത്തനം അവസാനിപ്പിച്ചേക്കും. താലൂക്കിലെ വിവിധ ക്യാമ്പുകൾ നടൻമാരായ ജയസൂര്യ, സലിംകുമാർ എന്നിവർ സന്ദർശിച്ചു.

ക്യാമ്പിന്റെ സംഘാടനത്തിൽ എല്ലാവരും തൃപ്തി പ്രകടിപ്പിച്ചു. വീടുകളിലെ സ്ഥിതി എന്തായിരിക്കുമെന്ന ആശങ്ക പലരെയും അലട്ടി. ആരോഗ്യ-ശുചിത്വ പ്രശ്നങ്ങൾ പരിഹരിക്കാൻ അധികൃതർ മുൻകൈയെടുക്കണമെന്ന ആവശ്യം ശക്തമാണ്. എന്തിനും സർക്കാർ കൂടെയുണ്ടെന്ന ഉറച്ചവിശ്വാസമാണ് എല്ലാവർക്കുമുള്ളത്.

ഞായറാഴ്ചയും വിവിധ സംഘടനകൾ ക്യാമ്പിൽ സഹായമെത്തിച്ചു. കെഎസ്ടിഎ അരിയും മറ്റുൽപ്പന്നങ്ങളും നൽകി. ടി വി പീറ്റർ, കെ വി ബെന്നി, കെ ജെ ഷൈൻ എന്നിവർ പങ്കെടുത്തു. മൂകാംബി റസിഡൻസ് അസോസിയേഷനും ദുരിതാശ്വാസ ക്യാമ്പിലേക്കാവശ്യമായ സാധനങ്ങൾ നൽകി.

## ക്യാമ്പുകളിൽ പകർച്ചവ്യാധിയില്ലെന്ന് മെഡിക്കൽ അധികൃതർ

**കൊച്ചി**

ഡാമുകൾ തുറന്നുവിട്ടതിനെ തുടർന്ന് ആളുകളെ മാറ്റിപ്പാർപ്പിച്ച ദുരിതാശ്വാസ ക്യാമ്പുകളിൽനിന്ന് പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസ് അധികൃതർ അറിയിച്ചു. ക്യാമ്പുകളിൽനിന്ന് പനി, മുറിവ്, മറ്റ് ശാരീരികാസ്വാസ്ഥ്യങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്തിരുന്നു. അവർക്കെല്ലാം ഉടൻ ചികിത്സ നൽകി. ക്യാമ്പിലുള്ളവർക്ക് വൈദ്യസഹായമെത്തിക്കാനായി

സജ്ജമായിരുന്നു. വെള്ളം ഇറങ്ങിത്തുടങ്ങിയെങ്കിലും വീടും പരിസരവും അണുനശീകരണി ഉപയോഗിച്ച് വൃത്തിയാക്കിയ ശേഷം മാത്രമേ ക്യാമ്പിൽനിന്നു തിരിച്ചുപോകാവൂവെന്ന നിർദേശവും ആരോഗ്യപ്രവർത്തകർ നൽകിയിട്ടുണ്ട്.

വെള്ളം കയറിയിറങ്ങി പോയശേഷം പടരാനിടയുള്ള ജലജന്യ രോഗങ്ങളെക്കുറിച്ചായിരുന്നു പൊതുവിലുണ്ടായിരുന്ന ആശങ്ക. എന്നാൽ ക്യാമ്പുകളിൽനിന്നു തിരിച്ചു വീടുകളിലേ

കരണ പ്രവർത്തനങ്ങളിൽ കൃത്യമായ നിർദേശങ്ങൾ നൽകി ആ പ്രതിസന്ധിയെ മറികടക്കാനും ആരോഗ്യപ്രവർത്തകർക്ക് സാധിച്ചു. എറണാകുളം ജനറൽ ആശുപത്രി, ആലുവ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽനിന്നുള്ള മൊബൈൽ മെഡിക്കൽ സംഘങ്ങൾ ഇപ്പോഴും ക്യാമ്പുകളിൽ പ്രവർത്തിക്കുന്നുണ്ട്. ശനി, ഞായർ ദിവസങ്ങൾ പൊതു അവധിയായിട്ടും ആരോഗ്യപ്രവർത്തകർ ദുരിതാശ്വാസ ക്യാ